| 05–10–2024 | പ്രഭാത മുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ – ബാബ വന്നിരിക്കുകയാണ് നിങ്ങൾ കുട്ടികളെ കൊണ്ട് ദുഃഖധാമത്തിന്റെ സന്യാസം ചെയ്യിക്കുന്നതിന്, ഇത് തന്നെയാണ് പരിധിയില്ലാത്ത സന്യാസം.**

**ചോദ്യം:–** നിങ്ങളുടെ സന്യാസവും മറ്റ് സന്യാസിമാരുടെ സന്യാസവും തമ്മിലുള്ള മുഖ്യമായ വ്യത്യാസം എന്താണ്?

**ഉത്തരം:–** ആ സന്യാസിമാർ വീടും കുടുംബവും ഉപേക്ഷിച്ച് കാട്ടിലേക്ക് പോകുന്നു എന്നാൽ നിങ്ങൾ കുടുംബം ഉപേക്ഷിച്ച് കാട്ടിലേക്ക് പോകുന്നില്ല. വീട്ടിലിരുന്ന് കൊണ്ടും മുഴുവൻ ലോകവും മുള്ളുകളുടെ കാടാണ് എന്ന് മനസ്സിലാക്കുന്നു. നിങ്ങൾ ബുദ്ധികൊണ്ട് മുഴുവൻ ലോകത്തെയും സന്യസിക്കുന്നു.

**ഓം ശാന്തി**. ആത്മീയ അച്ഛൻ ആത്മീയ കുട്ടികൾക്ക് ദിവസവും മനസ്സിലാക്കി തരുന്നു കാരണം അരകൽപമായി അറിവില്ലാത്തവരായിരുന്നല്ലോ. അതുകൊണ്ട് ദിവസവും മനസ്സിലാക്കി തരേണ്ടതായുണ്ട്. ആദ്യമാദ്യം മനുഷ്യർക്ക് വേണ്ടത് ശാന്തിയാണ്. സത്യത്തിൽ സർവ്വ ആത്മാക്കളും ശാന്തിധാമത്തിൽ വസിക്കുന്നവരാണ്. ബാബ സദാ ശാന്തിയുടെ സാഗരമാണ്. നിങ്ങൾ ഇപ്പോൾ ശാന്തിയുടെ സമ്പത്ത് നേടികൊണ്ടിരിക്കുന്നു. ശാന്തി ദേവാ എന്ന് വിളിക്കാറുണ്ടല്ലോ, അർത്ഥം നമ്മളെ ഈ സൃഷ്ടിയിൽ നിന്നും തന്റെ വീടായ ശാന്തീധാമത്തിലേക്ക് കൊണ്ട് പോകൂ അഥവാ ശാന്തിയുടെ സമ്പത്ത് നല്കൂ. ദേവതകളുടെ അഥവാ ശിവബാബയുടെ മുന്നിൽ ചെന്ന് ശാന്തി നല്കൂ എന്ന് പറയുന്നു കാരണം ശിവബാബ ശാന്തിയുടെ സാഗരമാണ്. ഇപ്പോൾ നിങ്ങൾ ശിവബാബയിൽ നിന്നും ശാന്തിയുടെ സമ്പത്ത് എടുത്ത് കൊണ്ടിരിക്കുന്നു. ബാബയെ ഓർമ്മിച്ചോർമ്മിച്ച് തീർച്ചയായും നിങ്ങൾക്ക് ശാന്തീധാമത്തിലേക്ക് പോകണം. ഓർമ്മിച്ചില്ലെങ്കിലും തീർച്ചയായും പോകും. തലയിലുള്ള പാപങ്ങളുടെ ഭാരം ഇല്ലാതാക്കാൻ വേണ്ടിയാണ് ഓർമ്മിക്കുന്നത്. ശാന്തിയും സുഖവും ഒരു ബാബയിൽ നിന്നാണ് ലഭിക്കുന്നത് കാരണം ബാബ സുഖത്തിന്റെയും ശാന്തിയുടേയും സാഗരമാണ്. ഇത് രണ്ടുമാണ് പ്രധാനപ്പെട്ടത്. ശാന്തിയെ മുക്തിയെന്ന് പറയുന്നു, പിന്നെ ജീവൻമുക്തിയും ജീവൻബന്ധനവുമുണ്ട്. നിങ്ങൾ ഇപ്പോൾ ജീവൻബന്ധനത്തിൽ നിന്നും ജീവൻമുക്തമാവുകയാണ്. സത്യയുഗത്തിൽ യാതൊരു ബന്ധനവും ഉണ്ടായിരിക്കില്ല. സഹജമായ ജീവൻമുക്തി അഥവാ സഹജമായ ഗതി സത്ഗതിയെന്നും പറയാറുണ്ട്. ഈ രണ്ടിന്റെയും അർത്ഥം നിങ്ങൾ കുട്ടികൾ മനസ്സിലാക്കി. ഗതി എന്ന് പറയുന്നത് ശാന്തിധാമത്തിനെയും സത്ഗതി എന്ന് പറയുന്നത് സുഖധാമത്തിനെയുമാണ്. സുഖധാമം, ശാന്തീധാമം ഇത് ദുഃഖധാമവും. നിങ്ങൾ ഇവിടെയാണിരിക്കുന്നത്, ബാബ പറയുന്നു – കുട്ടികളേ, വീടായ ശാന്തീധാമത്തെ ഓർമ്മിക്കൂ. ആത്മാക്കൾ തന്റെ വീടിനെ മറന്നു പോയി. ബാബ വന്ന് ഓർമ്മിപ്പിക്കുന്നു. അല്ലയോ ആത്മീയ കുട്ടികളേ, എതുവരെ നിങ്ങൾ എന്നെ ഓർമ്മിക്കുന്നില്ലയോ അതുവരെ നിങ്ങൾക്ക് വീട്ടിലേക്ക് പോകാൻ സാധിക്കില്ല എന്നത് മനസ്സിലാക്കി തരുന്നു. ഓർമ്മിക്കുന്നതിലൂടെ നിങ്ങളുടെ പാപം ഭസ്മമാകും. ആത്മാവ് പവിത്രമായി വീട്ടിലേക്ക് പോകും. ഇത് അപവിത്ര ലോകമാണെന്ന് നിങ്ങൾ കുട്ടികൾക്കറിയാം. പവിത്രമായിട്ടുള്ള ഒരു മനുഷ്യനും ഇല്ല. പവിത്രമായ ലോകത്തെ സത്യയുഗം എന്നും അപവിത്രമായ ലോകത്തെ കലിയുഗം എന്നും പറയുന്നു. രാമരാജ്യവും രാവണരാജ്യവും. രാവണരാജ്യത്തിലൂടെ അപവിത്ര ലോകം സ്ഥാപിക്കപ്പെടുന്നു. ഇത് ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ കളിയല്ലേ. പരിധിയില്ലാത്ത ബാബ ഇത് മനസ്സിലാക്കി തരുന്നു, ഇതിനെയാണ് സത്യം എന്ന് പറയുന്നത്. സത്യമായ കാര്യങ്ങൾ നിങ്ങൾ സംഗമയുഗത്തിലാണ് കേൾക്കുന്നത് എന്നിട്ട് നിങ്ങൾ സത്യയുഗത്തിലേക്ക് പോകുന്നു. ദ്വാപരയുഗം മുതൽ അസത്യമായ രാജ്യം ആരംഭിക്കുന്നു. രാവണൻ എന്നാൽ അർത്ഥം അസുരൻ. അസുരൻ ഒരിക്കലും സത്യം പറയില്ല അതുകൊണ്ടാണ് ഇതിനെ അസത്യമായ ലോകമെന്നും അസത്യമായ ശരീരമെന്നും പറയുന്നത്.

ആത്മാവും അസത്യമായി ശരീരവും അസത്യമായി. ആത്മാവിലാണ് സംസ്കാരം നിറയുന്നത്. 4 ധാതുക്കളുണ്ട്–സ്വർണ്ണം–വെള്ളി–ചെമ്പ്– ഇരുമ്പ്... എല്ലാ അഴുക്കുകളും ഇല്ലാതാകും. ബാക്കി സത്യമായ സ്വർണ്ണമായി ഈ യോഗബലത്തിലൂടെ നിങ്ങളാണ് ആയി മാറുന്നത്. നിങ്ങൾ സത്യയുഗത്തിലായിരുന്നപ്പോൾ സത്യമായ സ്വർണ്ണം തന്നെയായിരുന്നു. പിന്നീട് വെള്ളിയായി മാറുന്നു അപ്പോൾ ചന്ദ്രവംശിയെന്ന് പറയും. ദ്വാപര കലിയുഗത്തിൽ ചെമ്പിന്റെയും ഇരുമ്പിന്റെയും അഴുക്ക് പിടിക്കുന്നു. ആദ്യം നിങ്ങൾ സർവ്വ ആത്മാക്കളും ശാന്തീധാമത്തിലായിരിക്കും പിന്നീട് സത്യയുഗത്തിൽ ആദ്യം വരും, അതിനെയാണ് ഗോൾഡൻ ഏജ് എന്ന് പറയുന്നത്. നിങ്ങൾ സത്യമായ സ്വർണ്ണമാണ്. യോഗബലത്തിലൂടെ

മുഴുവൻ അഴുക്കിനെയും കളഞ്ഞ് സത്യമായ സ്വർണ്ണം മാത്രം അവശേഷിക്കും. ശാന്തിധാമത്തിനെ ഗോൾഡൻ ഏജ് എന്ന് പറയില്ല. ഗോൾഡൻ ഏജ്, സിൽവർ ഏജ്, അയൺ ഏജ് എന്നെല്ലാം ഇവിടെയാണ് പറയുന്നത്. ശാന്തിധാമത്തിൽ ശാന്തിയാണ്. ആത്മാവ് എപ്പോൾ ശരീരം എടുക്കുന്നോ അപ്പോൾ ഗോൾഡൻ ഏജ്ഡ് എന്ന് പറയുന്നു അപ്പോൾ സൃഷ്ടി തന്നെ ഗോൾഡൽ ഏജ് ആയി മാറുന്നു. സതോപ്രധാനമായ 5 തത്വങ്ങളാൽ ശരീരം ഉണ്ടാകുന്നു. ആത്മാവ് സതോപ്രധാനമായിരക്കുമ്പോൾ ശരീരവും സതോപ്രധാനമായിരിക്കും. ആത്മാവിൽ അഴുക്കുള്ളത് കാരണം അന്തിമത്തിൽ അയൺ ഏജ് ശരീരം ലഭിക്കുന്നു. ഗോൾഡൻ ഏജ് എന്നും സിൽവർ ഏജ് എന്നും ഈ സൃഷ്ടിയെ തന്നെയാണ് പറയുന്നത്.

കുട്ടികൾക്ക് ഇപ്പോൾ എന്താണ് ചെയ്യേണ്ടത്? ആദ്യം ശാന്തീധാമത്തിലേക്ക് പോകണം അതുകൊണ്ട് ബാബയെ ഓർമ്മിക്കണം അപ്പോഴാണ് തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായിത്തീരുന്നത്. ബാബ എത്ര സമയം ഇവിടെയുണ്ടോ അത്രയും സമയം ഇതിന് ആവശ്യമായി വരുന്നു. ബാബ ഗോൾഡൻ ഏജിൽ പാർട്ട് അഭിനയിക്കുന്നില്ല. ആത്മാവിന് എപ്പോഴാണോ ശരീരം ലഭിക്കുന്നത് അപ്പോഴാണ് ഗോൾഡൻ ഏജ്ഡ് ജീവാത്മാവ് എന്ന് വിളിക്കുന്നത്. ഗോൾഡൻ ഏജ്ഡ് ആത്മാവ് എന്ന് പറയില്ല. ഗോൾഡൻ ഏജ്ഡ് ജീവാത്മാവ് പിന്നെ സിൽവർ ഏജ്ഡ് ജീവാത്മാവാകുന്നു. നിങ്ങൾ ഇവിടെയിരിക്കുകയാണ്, നിങ്ങൾക്ക് ശാന്തിയുമുണ്ട് സുഖവും പ്രാപ്തമാകുന്നു. അപ്പോൾ എന്താണ് ചെയ്യേണ്ടത്? ദുഃഖധാമത്തെ സന്യസിക്കുക. ഇതിനെയാണ് പരിധിയില്ലാത്ത സന്യാസം എന്ന് പറയുന്നത്. ആ സന്യാസിമാരുടേത് പരിധിയുള്ള സന്യാസമാണ്, വീടും കുടുംബവും ഉപേക്ഷിച്ച് പോകുന്നു. മുഴുവൻ സൃഷ്ടിയും കാടാണ് എന്ന് അവർ അറിയുന്നില്ല. ഇത് മുള്ളുകളുടെ കാടാണ്. ഇത് മുള്ളുകളുടെ ലോകവും അത് പൂക്കളുടെ ലോകവുമാണ്. അവർ സന്യസിക്കുന്നുണ്ട് എങ്കിലും ഈ മുള്ളുകളുടെ ലോകത്തിൽ തന്നെ, ഗ്രാമത്തിൽ നിന്നും ദൂരെ കാട്ടിൽ പോയിരിക്കുന്നു. അവരുടേത് നിവൃത്തി മാർഗ്ഗമാണ്, നിങ്ങളുടേത് പ്രവൃത്തി മാർഗ്ഗമാണ്. നിങ്ങൾ പവിത്ര ജോഡികളായിരുന്നു, ഇപ്പോൾ അപവിത്രമായി മാറിയിരിക്കുന്നു. അതിനെ ഗൃഹസ്ഥാശ്രമം എന്നും പറയുന്നു. പിന്നീടാണ് സന്യാസിമാർ വരുന്നത്. ഇസ്ലാമികളും ബൗദ്ധരുമെല്ലാം പിന്നീടാണ് വരുന്നത്. അതുകൊണ്ട് ഈ വൃക്ഷത്തെയും ഓർമ്മിക്കണം ചക്രത്തെയും ഓർമ്മിക്കണം. ബാബ കൽപ-കൽപം വന്ന് വൃക്ഷത്തിന്റെ ജ്ഞാനം നൽകുന്നു കാരണം സ്വയം ബീജരൂപനാണ്, സത്യമാണ്, ചൈതന്യമാണ് അതുകൊണ്ട് കൽപ-കൽപം വന്ന് കൽപ വൃക്ഷത്തിന്റെ മുഴുവൻ രഹസ്യവും മനസ്സിലാക്കി തരുന്നു. നിങ്ങൾ ആത്മാക്കളാണ് എന്നാൽ നിങ്ങളെ ജ്ഞാനത്തിന്റെ സാഗരനെന്നോ സുഖത്തിന്റെ സാഗരനെന്നോ ശാന്തിയുടെ സാഗരനെന്നോ പറയില്ല. ഈ മഹിമ ഒരേയൊരു ബാബയുടേതാണ്, ആ ബാബ നിങ്ങളെ അതുപോലെയാക്കി മാറ്റുന്നു. ഈ മഹിമ ബാബക്ക് സദാ കാലം ഉള്ളതാണ്. ബാബ സദാ പവിത്രവും നിരാകാരനുമാണ്. പവിത്രമാക്കാൻ കുറച്ച് സമയത്തേക്ക് വരുന്നു. സർവ്വവ്യാപി എന്ന കാര്യമേയില്ല. ബാബ സദാ അവിടെ തന്നെയാണിരിക്കുന്നത് എന്ന് നിങ്ങൾക്കറിയാം. ഭക്തീമാർഗ്ഗത്തിലും സദാ ആ ബാബയെ ഓർമ്മിക്കുന്നു. സത്യയുഗത്തിൽ ഓർമ്മിക്കേണ്ട ആവശ്യം വരുന്നില്ല. രാവണ രാജ്യത്തിൽ നിങ്ങൾ നിലവിളിക്കാൻ തുടങ്ങി, ആ ഭഗവാൻ വന്ന് നിങ്ങൾക്ക് സുഖവും ശാന്തിയും നല്കുന്നു. അതുകൊണ്ടാണ് അശാന്തമാകുമ്പോൾ തീർച്ചയായും ബാബയെ ഓർമ്മിക്കുന്നത്. ഓരോ 5000 വർഷങ്ങൾക്ക് ശേഷവും ഞാൻ വരുന്നു എന്നത് ബാബ മനസ്സിലാക്കി തരുന്നു. പകുതി കൽപം സുഖവും പകുതി കൽപം ദുഃഖവുമാണ്. പകുതി കൽപത്തിന് ശേഷമാണ് രാവണ രാജ്യം ആരംഭിക്കുന്നത്. ഇതിൽ ആദ്യ നമ്പറിൽ മുഖ്യമായിട്ടുള്ളത് ദേഹാഭിമാനമാണ്. അതിന് ശേഷമാണ് മറ്റ് വികാരങ്ങൾ വരുന്നത്. ഇപ്പോൾ ബാബ മനസ്സിലാക്കി തരുന്നു സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ദേഹി അഭിമാനിയാകൂ. ആത്മാവിന്റെ തിരിച്ചറിവും ആവശ്യമാണ്. ആത്മാവ് ഭൃകുടി മദ്ധ്യത്തിൽ തിളങ്ങുന്നു എന്നെല്ലാം മനുഷ്യർ പറയാറുണ്ട്. ആത്മാവ് അകാലമൂർത്താണെന്നും ആ അകാലമൂർത്തായ ആത്മാവിന്റെ സിംഹാസനമാണ് ഈ ശരീരമെന്നും നിങ്ങൾക്കറിയാം. ഭൃകുടിയിലാണ് ആത്മാവിരിക്കുന്നത്. അകാലമൂർത്തിയുടെ സിംഹാസനമാണ് ഇത്, എല്ലാം ചൈതന്യമായ അകാല സിംഹാസനമാണ്. അമൃത്സറിൽ തടിയിൽ ഉണ്ടാക്കിയിരിക്കുന്നത് അകാല സിംഹാസനം അല്ല. എത്രമാത്രം മനുഷ്യരുണ്ടോ സർവ്വർക്കും അവരവരുടേതായ അകാലസിംഹാസനമുണ്ട് എന്നത് ബാബ പറഞ്ഞ് തരുന്നു. ആത്മാവ് ഇവിടെ വന്നിരിക്കുന്നു. സത്യയുഗമായാലും കലിയുഗമായാലും ആത്മാവിന്റെ സിംഹാസനം ഈ മനുഷ്യ ശരീരം തന്നെയാണ്. എത്രമാത്രം അകാല സിംഹാസനങ്ങളുണ്ട്. എത്രമാത്രം മനുഷ്യരുണ്ടോ അതെല്ലാം അകാല ആത്മാക്കളുടെ സിംഹാസനങ്ങളാണ്. ആത്മാവ് ഒരു സിംഹാസനം ഉപേക്ഷിച്ച് പെട്ടെന്ന് മറ്റൊന്ന് എടുക്കും. ആദ്യം ചെറിയ സിംഹാസനമായിരിക്കും പിന്നീട് വലുതാകുന്നു. ഈ ശരീരമാകുന്ന സിംഹാസനം ചെറുതും വലുതുമാകുന്നു, സിക്കുകാർ അകാല സിംഹാസനം എന്ന് പറയുന്ന ആ തടിയുടെ സിംഹാസനം ചെറുതോ വലുതോ ആകുന്നില്ല. സർവ്വ മനുഷ്യരുടേയും അകാല സിംഹാസനം ഈ ഭൃകുടിയാണെന്ന് ആർക്കും

അറിയില്ല. ആത്മാവ് മരിക്കുന്നില്ല, ഒരിക്കലും നശിക്കുന്നില്ല. ആത്മാവിന് പല പല സിംഹാസനം ലഭിക്കുന്നു. സത്യയുഗത്തിൽ നിങ്ങൾക്ക് വലിയ ഫസ്റ്റ് ക്ലാസ്സായിട്ടുള്ള സിംഹാസനം ലഭിക്കുന്നു, അതിനെ ഗോൾഡൻ എജ്ഡ് സിംഹാസനം എന്ന് പറയുന്നു. പിന്നീട് ആ ആത്മാവിന് സിൽവറും, കോപ്പറും, അയൺ ഏജ്ഡുമായിട്ടുള്ള സിംഹാസനം ലഭിക്കുന്നു. ഗോൾഡൻ ഏജ്ഡ് സിംഹാസനം വേണമെങ്കിൽ തീർച്ചയായും പവിത്രമാകേണ്ടതുണ്ട് അതിനായി ബാബ പറയുന്നു എന്നെ മാത്രം ഓർമ്മിക്കൂ എങ്കിൽ നിങ്ങളുടെ അഴുക്ക് ഇല്ലാതാകും. പിന്നീട് നിങ്ങൾക്ക് ദൈവീക സിംഹാസനം ലഭിക്കും. ഇപ്പോൾ ബ്രാഹ്മണ കുലത്തിന്റെ സിംഹാസനമാണ്. പുരുഷോത്തമ സംഗമയുഗത്തിന്റെ സിംഹാസനമാണ് പിന്നീട് ആത്മാവായ എനിക്ക് ദേവതാ സിംഹാസനം ലഭിക്കും. ഈ കാര്യങ്ങൾ ലോകത്തിലുള്ള മനുഷ്യർ അറിയുന്നില്ല. ദേഹാഭിമാനത്തിൽ വന്ന് പരസ്പരം ദുഃഖം കൊടുത്തുകൊണ്ടിരിക്കുന്നു, അതുകൊണ്ടാണ് ഇതിനെ ദുഃഖധാമം എന്ന് പറയുന്നത്. ശാന്തീധാമത്തെ ഓർമ്മിക്കൂ അതാണ് നിങ്ങളുടെ സത്യമായ നിവാസ സ്ഥാനം ഇത് ബാബ നിങ്ങൾക്ക് മനസ്സിലാക്കി തരുന്നു. സുഖധാമത്തെ ഓർമ്മിക്കൂ, ഇതിനെ മറക്കൂ, ഇതിനോട് വൈരാഗ്യം ഉണ്ടാകണം. സന്യാസിമാരെ പോലെ വീടും കുടുംബവും ഉപേക്ഷിക്കണം എന്നല്ല. അവരുടേത് ഒരു തരത്തിൽ നല്ലതും മറ്റൊരു തരത്തിൽ മോശവുമാണ്. നിങ്ങളുടേത് നല്ലത് തന്നെയാണ്. അവരുടെ ഹഠയോഗം നല്ലതുമാണ് അതുപോലെ മോശവുമാണ് കാരണം ദേവതകൾ വാമമാർഗ്ഗത്തിലേക്ക് പോകുമ്പോൾ ഭാരതത്തെ താങ്ങി നിറുത്തുന്നതിന് വേണ്ടി തീർച്ചയായും പവിത്രത ആവശ്യമാണ്. അതിൽ അവർ സഹായിക്കുന്നു. ഭാരതം തന്നെയാണ് അവിനാശിയായ ഖണ്ഡം. ബാബ വരുന്നതും ഇവിടെ തന്നെയാണ്. പരിധിയില്ലാത്ത ബാബ എവിടെയാണോ വരുന്നത് അവിടയല്ലേ ഏറ്റവും വലിയ തീർത്ഥസ്ഥാനം.

മുഖ്യമായ കാര്യം ബാബ പറയുന്നു – കുട്ടികളേ, ഓർമ്മയുടെ യാത്രയിലിരിക്കൂ. ഗീതയിലും മന്മനാ ഭവ എന്ന വാക്കുണ്ട് പക്ഷേ ബാബ സംസ്കൃതമൊന്നുമല്ല പറയുന്നത്. ബാബ മന്മനാഭവ എന്നതിന്റെ അർത്ഥം മനസ്സിലാക്കി തരുന്നു. ദേഹത്തിന്റെ സർവ്വ ധർമ്മങ്ങളേയും ഉപേക്ഷിച്ച് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. ആത്മാവ് അവിനാശിയാണ് അത് ഒരിക്കലും ചെറുതോ വലുതോ ആകുന്നില്ല. അതിൽ അനാദിയും അവിനാശിയുമായ പാർട്ട് അടങ്ങിയിട്ടുണ്ട്. ഡ്രാമ ഉണ്ടാക്കപ്പെട്ടതാണ്. അന്തിമത്തിൽ വരുന്ന ആത്മാക്കൾക്ക് വളരെ കുറച്ച് പാർട്ടായിരിക്കും ഉണ്ടായിരിക്കുക. ബാക്കി സമയം ശാന്തീധാമത്തിലിരിക്കുന്നു. സ്വർഗ്ഗത്തിൽ വരാൻ സാധിക്കില്ല. അന്തിമത്തിൽ വരുന്നവർ കുറച്ച് സുഖവും കുറച്ച് ദുഃഖവും അനുഭവിക്കുന്നു. ദീപാവലി ദിവസം എത്രമാത്രം കൊതുകുകളാണ് ഉണ്ടാകുന്നത്, എന്നാൽ രാവിലെ നോക്കുമ്പോൾ എല്ലാം ചത്തിട്ടുണ്ടണ്ടാകും. ഇതുപോലെ തന്നെയാണ് മനുഷ്യരുടേതും, അന്തിമത്തിൽ വരുന്നവർക്ക് എന്ത് മൂല്യമുണ്ടാകും. മൃഗങ്ങളെ പോലെ തന്നെയാണ്. ഈ സൃഷ്ടി ചക്രം എങ്ങനെയാണ് കറങ്ങുന്നത് എന്ന് ബാബ മനസ്സിലാക്കി തരുന്നു. എങ്ങനെയാണ് മനുഷ്യ സൃഷ്ടിയാകുന്ന വൃക്ഷം ചെറുതിൽ നിന്നും വലുതും വലുതിൽ നിന്നും ചെറുതുമാകുന്നതെന്ന് ബാബ പറഞ്ഞ് തരുന്നു. സത്യയുഗത്തിൽ എത്ര കുറച്ച് മനുഷ്യരാണുള്ളത്, കലിയുഗത്തിൽ വൃക്ഷം വൃദ്ധി പ്രാപിച്ച് വലുതാകുന്നു. ബാബ മുഖ്യമായ കാര്യത്തിന്റെ സൂചന നൽകുന്നു – കുടുംബത്തിലിരുന്ന് കൊണ്ടും എന്നെ മാത്രം ഓർമ്മിക്കൂ. 8 മണിക്കൂർ ഓർമ്മിക്കുന്നതിന്റെ അഭ്യാസം ചെയ്യൂ. ഓർമ്മിച്ച് ഓർമ്മിച്ച് ഒടുവിൽ പവിത്രമായി ബാബയുടെ അടുക്കൽ എത്തും അപ്പോൾ സ്കോളർഷിപ്പും ലഭിക്കും. പാപം അവശേഷിക്കുകയാണെങ്കിൽ വീണ്ടും ജന്മം എടുക്കേണ്ടി വരും. ശിക്ഷകൾ അനുഭവിച്ച് കുറഞ്ഞ പദവിയാകും ലഭിക്കുക. സർവ്വർക്കും കണക്കുകൾ തീർക്കണം. മനുഷ്യർ ഇപ്പോഴും ജന്മം എടുത്തുകൊണ്ടിരിക്കുകയാണ്. നോക്കൂ, ഈ സമയം ഭാരതവാസികളെക്കാലും ക്രിസ്ത്യൻ സംഖ്യ കൂടുതലാണ്. അവർ ബുദ്ധിശാലികളുമാണ്. ഭാരതവാസികൾ 100 ശതമാനം ബുദ്ധിശാലികളായിരുന്നു, എന്നാൽ ഇപ്പോൾ ബുദ്ധിയില്ലാത്തവരായി മാറിയിരിക്കുന്നു കാരണം ഇവർ തന്നെയാണ് 100 ശതമാനം സുഖം നേടുന്നതും പിന്നീട് 100 ശതമാനം ദുഃഖം അനുഭവിക്കുന്നതും ഇവർ തന്നെയാണ്. ക്രിസ്ത്യൻ ധർമ്മം വരുന്നത് തന്നെ പിന്നീടാണ്.

ബാബ പറയുന്നു, ക്രിസ്ത്യൻ കുലത്തിന് കൃഷ്ണന്റെ കുലവുമായി ബന്ധമുണ്ട്. ക്രിസ്ത്യാനികളാണ് രാജ്യം തട്ടിയെടുത്തത് പിന്നീട് ക്രിസ്ത്യൻ കുലത്തിൽ നിന്ന് തന്നെയാണ് രാജ്യം ലഭിക്കേണ്ടതും. ക്രിസ്ത്യാനികൾക്കാണ് ഈ സമയം ശക്തി. അവർക്ക് ഭാരതത്തിൽ നിന്നാണ് സഹായം ലഭിച്ചത്. ഇപ്പോൾ ഭാരതം വിശന്ന് മരിക്കുകയാണ് അത് കാരണം ഇപ്പോൾ തിരിച്ച് സേവനം ചെയ്യുന്നു. ഇവിടെ നിന്നും ധാരാളം ധനവും, വളരെയധികം രത്നങ്ങളും ആഭരണങ്ങളുമൊക്കെ അവിടേക്ക് കൊണ്ട് പോയി. വളരെ ധനവാന്മാരായി മാറി, ഇപ്പോൾ ധനം എത്തിച്ച് കൊണ്ടിരിക്കുന്നു. നിങ്ങൾ കുട്ടികളെ ആരും തിരിച്ചറിയുന്നില്ല. തിരിച്ചറിഞ്ഞിരുന്നെങ്കിൽ വന്ന് നിർദ്ദേശങ്ങൾ ചോദിക്കുമായിരുന്നു. പിന്നീടവർ ഈശ്വരീയ സമ്പ്രദായത്തിൽ നിന്നും ദൈവീക സമ്പ്രദായമാകും. ശേഷം ക്ഷത്രിയരും വൈശ്യരും ശൂദ്ര സമ്പ്രദായത്തിലുള്ളവരുമാകും.

ഇപ്പോൾ നമ്മൾ ബ്രാഹ്മണരാണ് പിന്നീട് നമ്മൾ തന്നെയാണ് ദേവതയും ക്ഷത്രിയരുമാകുന്നത്. നോക്കൂ ഈ ഹം സോ എന്നതിന്റെ അർത്ഥം എത്ര നല്ലതാണ്. ഇത് കുട്ടിക്കരണം മറിയുന്ന ഒരു കളിയാണ് ഇതിനെ മനസ്സിലാക്കുക വളരെ സഹജമാണ്. എന്നാൽ മായ മറവിപ്പിക്കുന്നു, ദൈവീക ഗുണങ്ങളിൽ നിന്നും ആസുരീയ ഗുണങ്ങളിലേക്ക് കൊണ്ട് വരുന്നു. അപവിത്രമാവുക എന്നത് ആസുരീയ ഗുണമല്ലേ. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം:-

1) സ്കോളർഷിപ്പ് നേടുന്നതിന് വേണ്ടി കുടുംബത്തിലിരുന്ന് കൊണ്ടും കുറഞ്ഞത് 8 മണിക്കൂർ ബാബയെ ഓർമ്മിക്കാൻ അഭ്യസിക്കണം. ഓർമ്മയുടെ അഭ്യാസത്തിലൂടെ തന്നെയാണ് പാപം ഇല്ലാതാകുന്നതും ഗോൾഡൻ ഏജ് സിംഹാസനം ലഭിക്കുന്നതും.

2) ഈ ദുഃഖധാമത്തിനോട് പരിധിയില്ലാത്ത വൈരാഗ്യമുണ്ടായി തന്റെ സത്യമായ നിവാസ സ്ഥാനമായ ശാന്തിധാമത്തെയും സുഖധാത്തെയും ഓർമ്മിക്കണം. ദേഹാഭിമാനത്തിൽ വന്ന് ആർക്കും ദുഃഖം നൽകരുത്.

## വരദാനം:- കർമ്മങ്ങളുടെ കണക്കുപുസ്തകത്തെ മനസ്സിലാക്കി തന്റെ അചഞ്ചലസ്ഥിതി ഉണ്ടാക്കുന്ന സഹജയോഗിയായി ഭവിക്കട്ടെ.

പോകെ-പോകെ ഏതെങ്കിലും കർമ്മങ്ങളുടെ കണക്കുപുസ്തകം മുന്നിൽ വരികയാണെങ്കിൽ അതിൽ മനസ്സിനെ ചഞ്ചലപ്പെടുത്തരുത്, സ്ഥിതിയെ മേലും കീഴുമാക്കരുത്. സാരമില്ല, വന്നുവെങ്കിൽ അതിനെ തിരിച്ചറിഞ്ഞ് ദൂരെനിന്നുതന്നെ നശിപ്പിക്കൂ. ഇപ്പോൾ യോദ്ധാവാകരുത്. സർവ്വശക്തിവാനായ ബാബ കൂടെയുണ്ട് എങ്കിൽ മായക്ക് ഇളക്കാൻ സാധിക്കില്ല. കേവലം നിശ്ചയത്തിന്റെ ഫൗണ്ടേഷൻ പ്രാക്റ്റിക്കലിൽ കൊണ്ടുവരൂ, സമയത്ത് ഉപയോഗിക്കൂ എങ്കിൽ സഹജയോഗിയായി മാറും. ഇപ്പോൾ നിരന്തരയോഗിയാകൂ, യുദ്ധം ചെയ്യുന്ന യോദ്ധാവല്ല.

## സ്ലോഗൻ:- ഡബിൾ ലൈറ്റാകണമെങ്കിൽ തന്റെ സർവ്വ ഉത്തരവാദിത്തങ്ങളുടെയും ഭാണ്ഡം ബാബക്ക് കൈമാറ്റം ചെയ്യൂ.